<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2264</u> <u>9/12/2014-ൽ മറുപടിക്ക്</u>

# <u>വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി.</u>

<u>ചോദ്യം</u>

ശ്രീ. എം. ഹംസ

<u>മറുപടി</u>

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എ) വൻകിട ജല വൈദ്യുത പദ്ധതികൾ പരിസ്ഥിതി കാരണങ്ങളാൽ അനുമതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികളിൽ പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നവീകരിക്കാവുന്ന സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉൽപ്പാദനവും പരമാവധി ആക്കാൻ ശ്രമം നടപ്പാക്കുന്നു.

ആതിരപ്പള്ളി 163 മെഗാവാട്ട് പദ്ധതിയുടെ പാരിസ്ഥിതിക അനുമതി വിഷയം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉൽപ്പാദനം നിയന്ത്രിക്കാവുന്ന തരത്തിൽ ഇന്ധനങ്ങളെ ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള ~~[illegible]~~ ഊർജ്ജിത ~~[illegible]~~ ശ്രമങ്ങൾ നടന്നു വരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള വൈദ്യുത ഉൽപ്പാദന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 1.7.2011 മുതൽ 31.10.14 വരെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു; ഇതിൽ പുതുതായി ഉല്പാദിപ്പിക്കപ്പെട്ട വിദ്യുച്ഛക്തി എത്ര; ഏതെല്ലാം പദ്ധതികളിൽ നിന്നാണ് ഉല്പാദനം നടത്തിയത് വിശദാംശം നൽകാമോ;

(ബി) 24563 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിച്ചു. ഇതിൽ പുതുതായി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നുള്ള വാർഷിക ഉൽപ്പാദന ശേഷി 42.57 മില്യൺ യൂണിറ്റും ഉല്പാദിപ്പിക്കപ്പെട്ട വൈദ്യുതി 32.266 മില്യൺ യൂണിറ്റുമാണ്.

കെ.എസ്.ഇ.ബി.യുടെ ഉൽപ്പാദന നിലയങ്ങളിൽ നിന്നും 01.07.2011 മുതൽ 31.10.2014 വരെ ഉൽപ്പാദിപ്പിച്ച വൈദ്യുതി:

| | |
|---|---|
| 1.7.2011 മുതൽ 31.3.12 വരെ | 6107 മില്യൺ യൂണിറ്റ് |
| 1.4.2012 മുതൽ 31.3.13 വരെ | 5348 മില്യൺ യൂണിറ്റ് |
| 1.4.2013 മുതൽ | 8218 മില്യൺ യൂണിറ്റ് |

| | |
|---|---|
| 31.3.14 വരെ | |
| 1.4.2014 മുതൽ 31.10.14 വരെ | 4890 മില്യൺ യൂണിറ്റ് |
| ആകെ | 24563 മില്യൺ യൂണിറ്റ് |

1.7.11 മുതൽ 31.10.14 വരെയുള്ള കാലയളവിൽ പുതുതായി വന്ന പദ്ധതികളിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനം

| | | |
|---|---|---|
| 1 | റാന്നി-പെരിനാട് | 21.33 മില്യൺയൂണിറ്റ് |
| 2 | പീച്ചി | 4.189 മില്യൺയൂണിറ്റ് |
| 3 | വിലങ്ങാട് | 6.747 മില്യൺയൂണിറ്റ് |
| | ആകെ | 32.266 മില്യൺ യൂണിറ്റ് |
| | | |

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുകയും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, പഴയ ലൈനുകളുടെ കണ്ടക്ടർ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ പ്രവർത്തികളാണ് ചെയ്തു വരുന്നത്. ഇതിന്റെ ഭാഗമായി 2011 മെയ് മാസം മുതൽ 2014 നവംബർ 30 വരെയുള്ള കണക്കനുസരിച്ച് 33 പുതിയ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളും 482.91 കിലോ മീറ്റർ ലൈനും പൂർത്തിയാക്കിയിട്ടുണ്ട്

(ഡി)

ഉല്പാദനവും, ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണ് ഉല്പാദന മേഖലയിൽ അനുഭവപ്പെടുന്നത്; ഉല്പാദന കമ്മി എങ്ങനെയാണ് നികത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ)

വൈദ്യുതി കമ്മി കുറച്ചു വരുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(ഡി)യും (ഇ)യും

02.12.2014-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഉപഭോഗം 57.9870 മില്യൺ യൂണിറ്റ് ആയിരുന്നു. ഇതിൽ ആഭ്യന്തര ഉൽപ്പാദനം 25.8163 മില്യൺ യൂണിറ്റ് ആയിരുന്നു. കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിച്ച വൈദ്യുതി 25.247 മില്യൺ യൂണിറ്റ് ആയിരുന്നു. ബാക്കി ആവശ്യമായി വന്ന 6.9237 മില്യൺ യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും, പവർ ട്രേഡേഴ്സിൽ നിന്നും അൺഷെഡ്യൂൾഡ് ഇന്റർ ചേഞ്ച് വഴിയും വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റിയത്.

വരും കാലങ്ങളിലും സംസ്ഥാനത്തിന്റെ ഊർജ്ജ കമ്മി നികത്തുന്നതിന് മധ്യ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ ഏജൻസികളുമായി ഒപ്പ് വച്ചിട്ടുണ്ട്.

ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ (സപ്ലൈ സൈഡ് മാനേജ്മെന്റ് & ഡിമാന്റ് സൈഡ് മാനേജമെന്റ്) എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**

|

അനുബന്ധം (എ) 2264

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ ജനറേഷൻ പ്രോജക്റ്റ്സ് താഴെപ്പറയുന്നു.

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | വാർഷിക ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | റാന്നിപെരുനാട് ചെറുകിട ജല വൈദ്യുതപദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 1.5 | 3.94 |
| 3 | പീച്ചി ചെറുകിട ജല വൈദ്യുതപദ്ധതി | 1.25 | 3.21 |
| 4 | പാമ്പുംകയം (മാങ്കുളം) മിനി ജല വൈദ്യുതപദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജല വൈദ്യുതപദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| ആകെ | | 36.06 | 85.07 |

അനുബന്ധം (ബി)

## I. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | സൗരോർജ്ജ പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 2 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് | 0.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ | 3.25 |
| | ആകെ | 10.55206 |

**II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര (കാറ്റ് / സൗരോർജ്ജം) പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 13 | Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 22 |
| 14 | എൻ.എച്ച്.പി.സി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി. | 82 |
| 15 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്.പി.സി സ്ഥാപിക്കുന്ന സോളാർ പദ്ധതി. ഈ പദ്ധതിയിലേയ്ക്കായി എൻ.എച്ച്.പി.സി യുമായിട്ട് 07.05.2014 - ൽ കെ എസ്സ് ഇ ബി എൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു | 50 |
| 16 | കൂടാതെ സൗര വൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മിഷൻ 10.06.2014 -ൽ " ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ട് സോളാർ സിസ്റ്റം" എന്ന പേരിൽ ഒരു മാർഗ്ഗ രേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഇതനുസരിച്ച് വിവിധ സ്ഥാപിത ശേഷികളിലായി 32 ഉപഭോക്താക്കൾ സൗരോർജ്ജ പ്ലാന്റിന്റെ ഗ്രിഡ് കണക്ടിവിറ്റിക്കായി കെ എസ്സ് ഇ ബി യെ സമീപിച്ചിട്ടുണ്ട്. ഇതിൽ 10 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് കെ എസ്സ് ഇ ബി എൽ ഗ്രിഡിൽ കണക്ട് ചെയ്തു കഴിഞ്ഞു | 0.71861 |
| | ആകെ | 154.71861 |

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പണി നടന്നു വരുന്ന ജല വൈദ്യുതപദ്ധതികൾ**

| ക്രമ നമ്പർ | ജലവൈദ്യുത പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | ബാരപ്പോൾ | 15 |
| 2 | ചിമ്മിനി | 2.5 |
| 3 | ആഡ്യൻപാറ | 3.5 |
| 4 | വെള്ളത്തൂവൽ | 3.6 |
| 5 | പെരുംന്തേനരുവി | 6 |
| 6 | കക്കയം | 3 |
| 7 | ചാത്തൻ കോട്ടുനട - II | 6 |
| 8 | ചെങ്കുളം ഓഗമെന്റേഷൻ (85 എം. യു) | |
| 9 | തൊട്ടിയാർ | 40 |
| 10 | ഭൂതത്താൻകെട്ട് | 24 |
| 11 | ആനക്കയം | 7.5 |
| 12 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 |
| 13 | പൊരിങ്ങൽകുത്ത് | 24 |
| | **ആകെ** | **155.5** |

സെക്ഷൻ ഓഫീസർ